# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തനിയമസഭാചോദ്യംനം.2673 17.10.2016 ലെ മറുപടിക്ക്

## കടാശ്വാസ പദ്ധതി

ചോദ്യം. ഉത്തരം.

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ.പിണറായി വിജയൻ
ബഹു.മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | 20.08.2016ലെ സ.ഉ.(പി) നം.118/2016/ധന പ്രകാരം സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തി ഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ / പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി ഒറ്റത്തവണ കടാശ്വാസ പദ്ധതി നടപ്പാക്കി വരുന്നു. |
| (ബി) | കടാശ്വാസ പദ്ധതിയിൽ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്തവരെയും ഉൾപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | കടാശ്വാസ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സഹകരണ വകുപ്പിനെക്കൂടി ഉൾപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് കടാശ്വാസം അനുവദിക്കുമ്പോൾ പ്രസ്തുത സ്ഥാപനങ്ങൾക്കുണ്ടാകുന്ന ബാധ്യത പൂർണമായും സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | സഹകരണ കടാശ്വാസ പദ്ധതി നടപ്പാക്കുന്നത് മൂലം ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തിയ ശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് ഇവ സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (ഡി) | ഇതുമൂലം പ്രതിസന്ധിയിലാകാൻ സാദ്ധ്യതയുള്ള സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ? | |

**സെക്ഷൻ ഓഫീസർ**